'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. രഞ്ജു ആർ പിള്ളയുടെ അന്യത്ര സേവന കാലയളവ് 11.06.2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1549/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/07/2019

---

പരാമർശം:- 1 31.01.2008 തീയ്യതിയിലെ സ.ഉ(കൈ)നം. 31/2008/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 24.02.2018 ലെ സ.ഉ(സാധാ)നം.2247/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.06.2019 തീയ്യതിയിലെ 1716/ബി/2015/എസ്എം നം. കത്ത്

**<u>ഉത്തരവ്</u>**

പരാമശം 2 ഉത്തരവ് പ്രകാരം ശുചിത്വ മിഷനിൽ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ ജോലി ചെയ്തിരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. രഞ്ജു ആർ പിള്ളയുടെ 01.04.2018 മുതൽ 10.06.2018 വരെയുള്ള സേവന കാലയളവ് വർക്കിംഗ് അറേഞ്ച്മെന്റായി ക്രമീകരിച്ചും തുടർന്ന് സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ 11.06.2018 മുതൽ പ്രാബല്യത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചും ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം ടിയാന്റെ അന്യത്ര സേവന കാലാവധി 11.06.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷനിൽ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. രഞ്ജു ആർ പിള്ളയുടെ അന്യത്ര സേവന കാലയളവ് കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി 11.06.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ എൽ**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേനെ)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ